**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2910** **14-09-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾക്കുള്ള വായ്പകളുടെ പലിശ നിരക്കിലെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലാ സഹകരണ ബാങ്ക് മുഖേന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്ന വായ്പകളുടെ പലിശ നിരക്ക് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 12-02-2023 ൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച സാഹചര്യത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് മറ്റ് ജില്ലകളിലെ സംഘങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശയും മലപ്പുറം ജില്ലയിലെ സംഘങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശയും ഏകീകരിക്കുകയുണ്ടായി. |
| (ബി) | ജില്ലാ സഹകരണ ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്ന ക്യാഷ് ഷെയർ ലിങ്ക് സ്പെഷ്യൽ ഗോൾഡ് വായ്പയുടെ പലിശ നിരക്ക് ഇതുവരെ എത്രയായിരുന്നു എന്നും ഇത് എത്രയായി വർദ്ധിപ്പിക്കാനാണ് നിർദ്ദേശം ഉള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | മുൻ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജില്ലയിലെ അംഗ സംഘങ്ങൾക്ക് 4.50% പലിശ നിരക്കിൽ സ്പെഷ്യൽ ഗോൾഡ് ലോൺ ക്യാഷ് ക്രെഡിറ്റ് വായ്പ അനുവദിച്ച് വന്നിരുന്നു. നിലവിലും ടി വായ്പ അതേ നിരക്കിൽ തന്നെയാണ് മലപ്പുറം ജില്ലയിലെ സംഘങ്ങൾക്ക് നൽകി വരുന്നത്. |
| (സി) | ഇതുവഴി പ്രാഥമിക സഹകരണ സംഘങ്ങൾ നൽകുന്ന വായ്പകളുടെ പലിശ നിരക്ക് വർദ്ധിപ്പിക്കേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ വർദ്ധിപ്പിക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ; | (സി) | മുൻ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജില്ലയിലെ അംഗ സംഘങ്ങൾക്ക് 4.50% പലിശ നിരക്കിൽ സ്പെഷ്യൽ ഗോൾഡ് ലോൺ ക്യാഷ് ക്രെഡിറ്റ് വായ്പ അനുവദിച്ച് വന്നിരുന്നു. നിലവിലും ടി വായ്പ അതേ നിരക്കിൽ തന്നെയാണ് മലപ്പുറം ജില്ലയിലെ സംഘങ്ങൾക്ക് നൽകി വരുന്നത്. |
| (ഡി) | പലിശ നിരക്ക് വർദ്ധനവ് സഹകാരികൾക്ക് പ്രയാസകരമാകും എന്നതിനാൽ പലിശ പഴയ നിരക്കിൽ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മുൻ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജില്ലയിലെ അംഗ സംഘങ്ങൾക്ക് 4.50% പലിശ നിരക്കിൽ സ്പെഷ്യൽ ഗോൾഡ് ലോൺ ക്യാഷ് ക്രെഡിറ്റ് വായ്പ അനുവദിച്ച് വന്നിരുന്നു. നിലവിലും ടി വായ്പ അതേ നിരക്കിൽ തന്നെയാണ് മലപ്പുറം ജില്ലയിലെ സംഘങ്ങൾക്ക് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ